# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6785 10.07.2014 - ൽ മറുപടിയ്ക്ക്

**മെഡിക്കൽ കോളേജുകളോടനുബന്ധിച്ച രോഗഗവേഷണ പഠനങ്ങൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.. ടി.എ. അഹമ്മദ് കബീർ<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മെഡിക്കൽ കോളേജുകളോട - നുബന്ധിച്ച് രോഗഗവേഷണ പഠനങ്ങൾക്കായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി-കളുമായി ബന്ധപ്പെട്ട് കേന്ദ്രീകൃത ലബോറട്ടറി സംവിധാനം ഒരുക്കി ബയോകെമിസ്ട്രി, ക്ലിനിക്കൽ പത്തോളജി, മൈക്രോബയോളജി വിഭാഗങ്ങൾ ഏകോപിപ്പിച്ചാണ് നിലവിൽ പഠനങ്ങൾ നടത്തി വരുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മൾട്ടി ഡിസിപ്ലിനറി ലാബ് സ്ഥാപിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ഐ.സി.എം.ആർ സഹായത്തോടുകൂടി മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലാബ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ എം.ആർ.ഐ, സി.റ്റി.സ്കാൻ തുടങ്ങി ആധുനിക രോഗനിർണ്ണയ ഉപകരണങ്ങളും സ്ഥാപിച്ച് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഈ സൗകര്യങ്ങളുപയോഗിച്ച് എന്തൊക്കെ ഗവേഷണ പഠനങ്ങൾ കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കിടെ ഏറ്റെടുത്തിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകുമോ; | (ബി) | സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഗവേഷണ പഠനങ്ങൾ പ്രധാനമായും ഫാക്കൽട്ടിയും, പി.ജി. വിദ്യാർത്ഥികളും സംയുക്തമായാണ് നടത്തുന്നത്. അവർ പഠനശേഷം ഫിസിഷ്യൻസ് അസോസിയേഷൻ, സർജറി അസോസിയേഷൻ തുടങ്ങിയ സംഘടനകളിലാണ് പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നത്. ഇത്തരത്തിലുള്ള പഠനങ്ങൾ പീർ ഇൻഡക്സ്ഡ് ജേർണലാക്കി പ്രസിദ്ധീകരി-ക്കണമെന്ന് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിഷ്കർഷിച്ചിട്ടുണ്ട് എങ്കിലും DME തലത്തിൽ ഇത്തരം പഠനങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (സി) ഇത്തരം ഗവേഷണങ്ങളുടെ ഫലമായി എന്തൊക്കെ സുപ്രധാന കണ്ടുപിടിത്തങ്ങൾ നടത്താനായി ട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) | ഇത്തരം ഗവേഷണ പ്രവർത്തനങ്ങളുടെ അന്തിമ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ